<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>
(ഹാജർ: എം.അഞ്ജന ഐ.എ.എസ് )

ഉത്തരവ് നം. SJD/3528/2021-E1

തിരുവനന്തപുരം,
തീയതി. 19/05/2022

വിഷയം: സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് III തസ്തികയിൽ ഉദ്യോഗക്കയറ്റ നിയമനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1.സ.ഉ.(അച്ചടി) നം.10/2019/സാ.നീ.വ തീയതി.21/10/2019
2.സ.ഉ.(സാധാ) നം.6/2021/സാ.നീ.വ തീയതി.15/02/2021
3.സാമൂഹ്യനീതി ഡയറക്ടറുടെ 27/4/2020-ലെ SJD/941/2020-E9 നം നടപടി ക്രമങ്ങൾ

സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിത ശിശു വികസന വകുപ്പ് പുതുതായി രൂപികരിക്കുകയും, വകുപ്പ് പുന:സംഘടനയുമായി ബന്ധപ്പെട്ട് വിശേഷാൽ ചട്ടങ്ങൾ രൂപികരിക്കുന്നതു വരെ ഇരു വകുപ്പിലെയും ജീവനക്കാരുടെ പുനർവിന്യാസം , നിയമനം, സ്ഥാനക്കയറ്റം എന്നിവയ്ക്കായി വ്യവസ്ഥകൾ നിശ്ചയിച്ച് പരാമർശം (1) പ്രകാരം എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. പരാമർശം (1) എക്സിക്യൂട്ടീവ് ഉത്തരവ് 5 (E) യിലെ അനുബന്ധം (V) ൽ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-III തസ്തികയുടെ ഫീഡർ കാറ്റഗറികൾ ഇരു വകുപ്പുകളിലുമായി വിന്യസിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത തസ്തികയുടെ സ്ഥാനക്കയറ്റത്തിനുള്ള വ്യവസ്ഥകൾ വകുപ്പ് ഡയറക്ടറുടെ ശുപാർശ പരിഗണിച്ച് പിന്നീട് നിശ്ചയിക്കുമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. ആയതിൻ പ്രകാരം ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-III തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റ നിയമനത്തിനായി കാറ്റഗറി 7.സോഷ്യൽ എഡ്യൂക്കേഷൻ അസിസ്റ്റന്റ് കാറ്റഗറി 8.നഴ്സറി ടീച്ചർ കാറ്റഗറി 9.സീനിയർ ഇൻസ്ട്രക്ടർ വോക്കേഷണൽ ട്രെയിനിംഗ് സെന്റർ കാറ്റഗറി.10 മേട്രൻ ഗ്രേഡ്-I കാറ്റഗറി.11 ഹൌസ് മാസ്റ്റർ എന്നീ വിഭാഗം ജീവനക്കാരുടെ നിയമന തീയതി അടിസ്ഥാനപ്പെടുത്തിയുള്ള സംയുക്ത സീനിയോറിറ്റി ലിസ്റ്റിൽ നിന്നും സീനിയോറിറ്റി അടിസ്ഥാനത്തിൽ നിയമനം നടത്തേണ്ടതാണെന്ന് നിഷ്കർഷിച്ച് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

ഈ അഞ്ച് വിഭാഗങ്ങളിലായി ആകെ 17 തസ്തികകളാണ് നിലവിലുള്ളത്. കാറ്റഗറി 7.സോഷ്യൽ എഡ്യൂക്കേഷൻ അസിസ്റ്റന്റ്-1 കാറ്റഗറി 9.സീനിയർ ഇൻസ്ട്രക്ടർ വോക്കേഷണൽ ട്രെയിനിംഗ് സെന്റർ-1 കാറ്റഗറി.11 ഹൌസ് മാസ്റ്റർ-1 എന്നീ തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. കാറ്റഗറി 8.നഴ്സറി ടീച്ചർ-1 തസ്തികയിൽ ജീവനക്കാരി 29-6-2020 ലാണ് സേവനത്തിൽ പ്രവേശിച്ചിട്ടുള്ളത്, ജീവനക്കാരിയുടെ നിയമനം ക്രമീകരിച്ചിട്ടില്ല. കാറ്റഗറി 10. മേട്രൻ ഗ്രേഡ്-I ന്റെ 13 തസ്തികകളാണ് നിലവിലുള്ളത്. മേട്രൻ ഗ്രേഡ്-I തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിൽ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-III തസ്തികയിൽ നിലവിലുള്ള 2 ഒഴിവുകളിൽ പരാമർശം (3) സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും മേട്രൻ ഗ്രേഡ് I തസ്തികയിൽ നിരീക്ഷണകാലം പൂർത്തികരിച്ചതുമായ യോഗ്യരായ 2 ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം അനുവദനീയമാണ്.

ഈ സാഹചര്യത്തിൽ, നിലവിലുള്ള 2 ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-III തസ്തികയിലേയ്ക്കും പരാമർശം (3) സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നം .1, 2 ആയി ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന ജീവനക്കാർക്ക് ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് -III തസ്തികയിൽ കെ.എസ്&എസ്.എസ്.ആർ ചട്ടം 28 എ (1) പ്രകാരം രൂപ 39300-83000

ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം നല്കി അവരവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന കാര്യാലയങ്ങളിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

| ക്രമ നം | ജീവനക്കാരുടെ പേര് തസ്തിക നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റ നിയമനം അനുവദിക്കുന്ന തസ്തിക കാര്യാലയം |
|---|---|---|
| 1 | ശ്രീമതി.വിജി ജോർജ്ജ്<br>പെൻ നം.647439<br>മേട്രൻ ഗ്രേഡ്-i<br>ഗവ.വൃദ്ധ സദനം പത്തനംതിട്ട | ക്ഷേമ സ്ഥാപന സൂപ്രണ്ട്<br>ഗ്രേഡ്-III<br>ഗവ.വയോജന പകൽപരിപാലന കേന്ദ്രം<br>തിരുവനന്തപുരം |
| 2. | ശ്രീമതി.ഐഷാബീവി.കെ.എം<br>പെൻ നം.342561<br>മേട്രൻ ഗ്രേഡ്-i<br>ഗവ.വൃദ്ധ സദനം കോട്ടയം | ക്ഷേമ സ്ഥാപന സൂപ്രണ്ട്<br>ഗ്രേഡ്-III<br>ഗവ.വനിത വികലാംഗ സദനം<br>തിരുവനന്തപുരം |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് അർഹതയുണ്ടായിരിക്കും. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് നിയമാനുസൃത പ്രവേശന കാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

ഉദ്യോഗക്കയറ്റം ലഭ്യമായ ജീവനക്കാരെ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും വിവരം രേഖാമൂലം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**എം.അഞ്ജന ഐ.എ.എസ്**

**സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

<u>പകർപ്പ് :</u>

1. ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്
2. ബന്ധപ്പെട്ട ജില്ല സാമൂഹ്യനീതി ഓഫീസർമാർക്ക്
3. സൂപ്രണ്ട് എഫ് സെക്ഷൻ (വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
4. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്